കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.3-94/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി. 10.01.19
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്- 2017 - 18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി.3-94/2019 തീയതി: 10.01.2019

## ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2017 മുതൽ 05.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ജി.ഹരികുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 10.12.2018 മുതൽ 19.12.2018 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രാജശ്രീ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. പ്രീത, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ജിമ്മി വി.കൈപ്പള്ളി | 01.04.2017മുതൽ 31.03.2018വരെ |

2) സെക്രട്ടറി

| | |
|---|---|
| സിന്ദു ബാലകൃഷ്ണൻ .വി | 01.04.2017മുതൽ 31.03.2018 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | അല്ലിറാണി .എസ് | 01.04.2017മുതൽ 31.03.2018 വരെ |
| 2 | വികസന കാര്യം | അജിത് കുമാർ .ആർ | 01.04.2017മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | അമ്പിളി. ആർ | 01.04.2017മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ കാര്യം<br>വിദ്യാഭ്യാസ കാര്യം | റോഷിൻ .ആർ | 01.04.2017മുതൽ 31.03.2018 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | രേഖ ഭാസ്കർ | 01.04.2017മുതൽ 27.05.2017വരെ |
| | | ബിജി ജോയ് | 28.05.2017മുതൽ 12.07.2017വരെ |
| | | സുനിൽ കുമാർ.ആർ | 13.07.2017മുതൽ 31.03.2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.വിനയ കുമാർ | 01.04.2017മുതൽ 31.032018 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീല ഡി.എസ് | 01.04.2017മുതൽ 25.08.2017 വരെ |
| | | വിജയശ്രീ എം | 26.08.2017 മുതൽ 04.12.2017വരെ |
| | | ബിന്ദു റ്റി.എസ് | 05.12.2017 മുതൽ 31.03.2018 വരെ |
| 5 | വി.ഇ.ഒ | അജിത് .പി | 01.04.2017മുതൽ 31.03.2018 വരെ |
| 6 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ഷിബു.എസ്.കെ | 01.04.2017മുതൽ 21.08.2017വരെ |
| | | ഡോ.ലാവണ്യ രോഹിത് | 21.08.2017 മുതൽ 31.03.2018 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.എൻ.സുനിൽ കുമാർ | 01.04.2017മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| 8 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ശ്രീനി.ആർ | 01.04.2017മുതൽ 31.03.2018 വരെ |
| 9 | ഹെഡ്മാസ്റ്റർ (ഗവ.യുപി.എസ്. മഹാദേവികാട്) | നസീന.എ | 01.04.2017മുതൽ 31.03.2018 വരെ |
| 10 | അസിസ്റ്റന്റ്എൻജിനീയർ | ഷാജിലാൽ.കെ | 01.04.2017 മുതൽ 07.08.2017വരെ |
| | | രാജൻ.സി | 08.08.2017 മുതൽ 31.03.2018 വരെ |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | ഉഷാകുമാരി.ഡി | 01.04.2017 മുതൽ 31.03.2018 വരെ |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീജ.എസ് | 01.04.2017 മുതൽ 31.03.2018 വരെ |

## <u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം -1 | | |
| 1 | 1-1മുതൽ 1-11 വരെ | പൊതുഅവലോകനം |
| ഭാഗം -2 | | |
| 2 | 2-1 | വസ്തു നികുതി കുടിശ്ശിക - 6.3 ലക്ഷം |
| 3 | 2-2 | വസ്തുനികുതി --നികുതി നിർണ്ണയത്തിലെ അപാകത -തദ്ദേശ സ്ഥാപനത്തിന് നഷ്ടം |
| 4 | 2-3 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ |
| 5 | 2-4 | ഡി & ഒ ലൈസൻസ് അപാകതകൾ |
| 6 | 2-5 | ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല |
| 7 | 2-6 | മൊബൈൽ ടവറുകളുടെ വസ്തുനികുതി -തുടർനടപടികൾ കാര്യക്ഷമമാകണം |

| | | |
|---|---|---|
| 8 | 2-7 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല |
| 9 | 2-8 | ബിൽഡിംഗ് പെർമിറ്റ്--പെർമിറ്റ് അനുവദിക്കുന്നതിൽ കാലതാമസം |
| 10 | 2-9 | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല |
| 11 | 2-10 | പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നു |
| ഭാഗം -3 | | |
| 12 | 3-1 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല |
| 13 | 3-2 | ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതിരുന്നതു മൂലം കരാറുകാരന് അധിക തുക നൽകി |
| 14 | 3-3 | നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാത്തതു മൂലം അധികച്ചെലവ് |
| 15 | 3-4 | ബിറ്റുമിൻ ഉപയോഗത്തിനനുസൃതമായി ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്യാതിരുന്നത് - സംബന്ധിച്ച് |
| 16 | 3-5 | ബിൽ തയ്യാറാക്കിയതിലെ അപാകതകൾ മൂലം കരാറുകാരന് അധിക തുക നൽകി |
| 17 | 3-6 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല |
| 18 | 3-7 | ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്തില്ല – കരാറുകാരന് അധിക തുക നൽകി |
| 19 | 3-8 | അസിസ്റ്റന്റ് എഞ്ചിനീയർ ചെലവ് രേഖകൾ ഹാജരാക്കിയില്ല |
| 20 | 3-9 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ |
| 21 | 3-10 | പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല |
| 22 | 3-11 | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ- ക്വാട്ട് ചെയ്ത തുകയെക്കാൾ അധികം നൽകി |
| 23 | 3-12 | മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ-പദ്ധതി നടപ്പായിട്ടില്ല--ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 24 | 3-13 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല |
| 25 | 3-14 | കന്നുകുട്ടി പരിപാലനം--പദ്ധതി മോണിറ്ററിംഗ് അനിവാര്യം |
| 26 | 3-15 | പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്ക് ലാപ് ടോപ്പ്-ക്വട്ടേഷനിൽ വ്യവസ്ഥ ചെയ്തിരുന്ന വാറണ്ടി ലഭ്യമാക്കിയിട്ടില്ല |
| 27 | 3-16 | കാർഷികമേഖല— നെൽക്യഷി നടപ്പാക്കുന്നില്ല- മാറ്റങ്ങൾ അനിവാര്യം |
| 28 | 3-17 | അഗതി ആശ്രയ –2011 ൽ ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം സി.ഡി.എസ് അക്കൗണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്നു |

| | | |
|---|---|---|
| 29 | 3-18 | വി.ഇ.ഒ നടപ്പാക്കിയ പദ്ധതികൾ - അവലോകനം |
| 30 | 3-19 | ക്ഷേമപെൻഷനുകൾ - അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല |
| 31 | 3-20 | മുൻ വർഷങ്ങളിൽ നൽകിയ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല |
| ഭാഗം – 4 | | |
| 32 | 4-1മുതൽ 4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 33 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 34 | അനുബന്ധം.2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29.03.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 165973000 | 166663000 |
| വാർഷിക കണക്ക് പ്രകാരം | 44005312 | 48285325 |

ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.
2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.
3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.
4. പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.
5. ബജറ്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം

ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 10.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(68)/2018/30.07.18 | വിശേഷണങ്ങളോടു കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9450963 |
| വരവ് | 44005312 |
| ആകെ | 53456275 |
| ചെലവ് | 48285325 |
| നീക്കിയിരിപ്പ് | 5170950 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 12524000 | 12524000 | 12260467 | 263533 |
| വികസനഫണ്ട് എസ്.സി.പി. | | 3167065 | 3167065 | 2101369 | 1065696 |
| വികസനഫണ്ട് ടി.എസ്.പി. | | 23990 | 23990 | - | 23990 |
| സംരക്ഷണഗ്രാന്റ് റോഡ് | | 8070855 | 8070855 | 6321706 | 1749149 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | | 2747000 | 2747000 | 2189524 | 557476 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 6060433 | 6060433 | 5801567 | 258866 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 3858654 | 6934000 | 10792654 | 10777612 | 15042 |

| | | | | | |
|---|---|---|---|---|---|
| സാക്ഷരത (എസ് സി.ബി) | 50923 | 13092 | 64015 | 10800 | 53215 |
| ഡിസ്ട്രസ് റിലീഫ് ഫണ്ട് | 5670 | 3191 | 8861 | 59 | 8802 |
| എം.എൻ.ആർ.ഇ. ജി. എസ് | 11191 | 996925 | 1008116 | 997520 | 10596 |
| എസ്.ബി.ഐ (Total Sanitation) | | | | | |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | | 362189 | 362189 | 362189 | - |
| കറന്റ് അക്കൗണ്ട് | - | 41904 | 41904 | 708 | 41196 |
| ബി ഫണ്ട് | - | 137880 | 137880 | 137880 | - |
| തനത് ഫണ്ട് | 2734357 | 4295097 | 7029454 | 5360844 | 1668610 |
| ക്യാഷ് (തനത്) | 71097 | 53812 | 124909 | 71097 | 53812 |
| എസ്. സി.ബി. മഹാദേവികാട് | 3644 | 164 | 3808 | - | 3808 |
| യൂണിയൻ ബാങ്ക്-പെൻഷൻ ബിഫണ്ട് | 1099 | 43 | 1142 | - | 1142 |
| ട്രഷറി-ടി.പി.അക്കൗണ്ട് | 507 | - | 507 | - | 507 |
| ഒ.ഡി.എഫ്.ഫണ്ട്-യൂണിയൻ ബാങ്ക് | 2713821 | 2503182 | 5217003 | 1902783 | 3314220 |
| ആകെ | 9450963 | 47934822 | 57385785 | 48296125 | 9089660 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 139 | 4,98,04,570 | 90 | 3,27,71,045 | 40 | 9 | 65 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11,191 | 9,96,925 | 10,08,116 | 9,97,520 | 10596 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 3,39,12,164 | 3,39,12,164 | 3,39,12,164 | - |

| | | | | | |
|---|---|---|---|---|---|
| ആകെ | 11,191 | 3,49,09,089 | 3,49,20,280 | 3,49,09,684 | 10596 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,07,880 | 131 |
| കർഷകതൊഴിലാളി പെൻഷൻ | 29,80,500 | 266 |
| വിധവാപെൻഷൻ | 88,90,400 | 741 |
| വാർദ്ധക്യകാലപെൻഷൻ | 1,71,55,700 | 1325 |
| വികലാംഗപെൻഷൻ | 27,51,800 | 221 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7,52,400 | 85 |
| വിവാഹധനസഹായം | 30,000 | 1 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.12.2018ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29,930/- രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.
2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
5. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

6. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കുന്നില്ല.
8. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
9. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
10. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.12.2018 to 06.12.2018 | 11/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ് | 31.01.2014 to14.02.2014 | 2008-09 to 2012-13 | 28.03.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി കുടിശ്ശിക - 6.3 ലക്ഷം

2017-18 വർഷത്തെ ഡി.സി.ബി.സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതി കുടിശ്ശിക 6,31,815/- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ടെന്ന് കാണുന്നു.

സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം 5,27,687/- രൂപയാണ് കുടിശ്ശിക. വ്യത്യാസം വിശദീകരിക്കാനും കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ, പുരോഗതി എന്നിവ വ്യക്തമാക്കാനും ആവശ്യപ്പെട്ട് എൻക്വയറി (നം.11/17.12.18) നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി --നികുതി നിർണ്ണയത്തിലെ അപാകത -തദ്ദേശ സ്ഥാപനത്തിന് നഷ്ടം

വസ്തു നികുതി നിർണ്ണയിക്കുമ്പോൾ ഒരാളിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ പല വ്യക്തികൾക്ക് വാടകയ്ക്ക് നല്കുന്ന ആവശ്യം കാണിച്ച് വ്യത്യസ്ത കെട്ടിടങ്ങളായി അസ്സസ് ചെയ്യുന്നതിനാൽ കെട്ടിടത്തിന്റെ മുഴുവൻ വിസ്തീർണ്ണത്തിന് ആനുപാതികമായ നികുതി ഈടാക്കുന്നില്ല. ആയതിനാൽ വസ്തുനികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. വ്യത്യസ്ത നമ്പർ നല്കികൊണ്ട് തന്നെ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതിലൂടെ നഷ്ടം ഒഴിവാക്കാവുന്നതാണ്.

ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന രണ്ട് കെട്ടിടങ്ങളുടെ ഇപ്രകാരമുള്ള നഷ്ടത്തിന്റെ വിശദാംശം ചേർക്കുന്നു.

1. സുഷ മുരളി, മുരളി ഭവനം, മഹാദേവികാട് എന്ന വ്യക്തിയുടെ 442.048m$^2$ വിസ്തീർണ്ണമുള്ള ഷോപ്പിംഗ് കോംപ്ലക്സ് 200m$^2$ നു മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി m$^2$ ന് 70/- രൂപ പ്രകാരം അസ്സസ് ചെയ്യുന്നതിനു പകരം 110.512 m$^2$ വീതമുള്ള 4 കെട്ടിടങ്ങളായി അസ്സസ് ചെയ്തതിനാൽ 100m$^2$ നു മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിനു ബാധകമായ കമ്മിറ്റി അംഗീകരിച്ച 60/-രൂപ നിരക്കിൽ അസ്സസ് ചെയ്തതിനാൽ 5304/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. (20% വർദ്ധനവ് വഴി സൗകര്യത്തിന് )

2. സുഭാഷ് ലാലു, പടന്നയിൽ എന്ന വ്യക്തിയുടെ 109.75 m$^2$ ഉള്ള ഷോപ്പിംഗ് കോംപ്ലക്സ് 100m$^2$ നു മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിനു ബാധകമായ കമ്മിറ്റി അംഗീകരിച്ച 60/-രൂപ നിരക്കിൽ അസ്സസ് ചെയ്യുന്നതിന് പകരം 22 m$^2$ ഉള്ള 3 കെട്ടിടങ്ങളായും 43.75 m$^2$ ഉള്ള ഒരു കെട്ടിടമായിട്ടുമാണ് അസ്സസ് ചെയ്തത്. വഴി സൗകര്യത്തിന് 20% വർദ്ധനവ് കൂടി നല്കുമ്പോൾ 7902/- രൂപ നികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ 6585/- രൂപയാണ് കെട്ടിത്തിന് നികുതി നിർണ്ണയിച്ചത്.

ഈ രീതിയിൽ നികുതി നിർണ്ണയിച്ചതിന്റെ ഫലമായി ഗ്രാമപഞ്ചായത്തിനുണ്ടായ നികുതി നഷ്ടത്തിന്റെ സംക്ഷിപ്ത വിവരം താഴെപ്പട്ടികയിൽ ചേർക്കുന്നു.

| കെട്ടിടം സംബന്ധിച്ച വിവരം | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി (നിർണ്ണയിക്കേണ്ടത്) | വർദ്ധനവ്/ ഇളവ് | ആകെ നികുതി | നിർണ്ണയിച്ച നികുതി | കുറവ് |
|---|---|---|---|---|---|---|
| 2/389 A,B,C,D<br>സുഷ മുരളി | 442.048m$^2$ | 30943.36<br>@70/- | 6188.67<br>(20%) | 37132/- | 31828/- | 5304 |
| 2/335 A,B,C,D | 109.75 | 6585<br>@60/- | 1317<br>(20%) | 7902/- | 6585/- | 1317 |
| ആകെ | | | | | | 6621/- |

## 2-3 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

1.സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

2017-18 വർഷത്തെ സ്ഥാപനങ്ങളുടെയും കച്ചവടക്കാരുടെയും തൊഴിൽ നികുതി പരിശോധിച്ചതിൽ മഹാദേവിക്കാട് ക്ഷീരോൽപാദക സഹകരണ സംഘം നം-A 83(D)Apcos ന്റെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു. സ്ഥാപന നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 2 കള്ളുഷാപ്പുകൾ, 11റേഷൻ കടകൾ, എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-4 ഡി & ഒ ലൈസൻസ് അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഡി & ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ട്യൂട്ടോറിയൽ കോളേജ് രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു ട്യൂട്ടോറിയൽ കോളേജ് പ്രവർത്തിക്കുന്നതായി സെക്രട്ടറി അറിയിച്ചു. എന്നാൽ ഈ സ്ഥാപനം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല. 1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 ൽ ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്യാതെയുള്ള പ്രവർത്തനം ചട്ടലംഘനമായതിനാൽ, സ്ഥാപനത്തിന്റെ രജിസ്ട്രേഷനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കൃത്യമായ മേൽനോട്ടവും നിർദ്ദേശവും ഉണ്ടായിരിക്കേണ്ടതാണ്.

2.ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പ്, കള്ളുഷാപ്പുകൾ,റേഷൻ കടകൾ ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പ്, കള്ളുഷാപ്പ്, റേഷൻ കടകൾ എന്നിവയുടെ ലൈസൻസ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി നൽകിയ മറുപടി പ്രകാരം ഒരു പെട്രോൾ പമ്പും 2കള്ളുഷാപ്പുകളും,11റേഷൻ കടകളും പ്രവർത്തിക്കുന്നുണ്ട്. അവയൊന്നും ലൈസൻസ് എടുത്തിട്ടില്ലെന്നും അറിയിച്ചു. ഈ സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിനായി നോട്ടീസ് നൽകിയിട്ടും മതിയായ രേഖകൾ നാളിതുവരെ പഞ്ചായത്ത് ഓഫീസിൽ ഹാജരാക്കിയില്ല എന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/18.12.18) ലഭിച്ച മറുപടി. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1) 233(എ)അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുവെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

3. വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്ത് തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ 144 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും 108 സ്ഥാപനങ്ങൾ മാത്രമാണ് 2017-18 ൽ ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചതിനാൽ തൊഴിൽ നികുതിയിനത്തിലും ആനുപാതികമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ ലൈസൻസ് ഫീസ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-5 ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല

2017-2018സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത 28 മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച 13400/- രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിരുന്നു. എന്നാൽ ടി തുക നാളിതുവരെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ തിരികെ ലഭിച്ചിട്ടില്ല. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ വരവു വെക്കേണ്ടതായതിനാൽ ടി തുക തിരികെ ഈടാക്കി തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-6 മൊബൈൽ ടവറുകളുടെ വസ്തുനികുതി -തുടർനടപടികൾ കാര്യക്ഷമമാകണം

ഗ്രാമപഞ്ചായത്തിൽ ആകെ 4 മൊബൈൽ ടവറുകൾ ഉള്ളതിൽ 2എണ്ണം മാത്രമാണ് വസ്തുനികുതി ഒടുക്കുന്നത്. ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിലുള്ള ഇൻഡസ് ടവറിന്റെയും, രണ്ടാം വർഡിലുള്ള ബി.എസ്.എൻ.എൽ ടവറിന്റെയും നികുതി നിർണ്ണയിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് 14.01.2011 - ലെ സർക്കാർ ഉത്തരവ് നം. 19/2011/ത.സ്വ.ഭ.വ പ്രകാരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-7 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 സെക്ഷൻ 3-3പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KBOCWF ഇനത്തിലുള്ള തുകയുടെ 1% തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ടി ഇനത്തിലുള്ള കളക്ഷൻ ചാർജ്ജ് നാളിതുവരെ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. കളക്ഷൻ ചാർജ്ജ് ലഭിച്ചിട്ടില്ലാത്ത പക്ഷം ഓഡിറ്റ് വർഷത്തെ പ്രവർത്തികളിൽ കിഴിവ് വരുത്തിയിട്ടുള്ള KBOCWF തുകയുടെ വിവരം കണക്കാക്കി കളക്ഷൻ ചാർജ്ജ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 ബിൽഡിംഗ് പെർമിറ്റ്--പെർമിറ്റ് അനുവദിക്കുന്നതിൽ കാലതാമസം

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14,15 എന്നിവ പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അനുമതി നല്കുന്നതിനുള്ള അപേക്ഷകളിൽ 30 ദിവസത്തിനകം അപേക്ഷകന് രേഖാമൂലമുള്ള ഉത്തരവ് വഴി സെക്രട്ടറി അനുമതി നൽകുകയോ, നിരസിക്കുകയാണെങ്കിൽ അതിന്റെ കാരണവും അറിയിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ പെർമിറ്റിന്റെ ഏതാനും അപേക്ഷകൾ പരിശോധിച്ചതിൽ സമയക്രമം പാലിച്ചിട്ടില്ല എന്ന് കാണുന്നു. അപാകതകൾ പരാമർശിച്ച് നല്കിയ എൻക്വയറിക്ക് (നം.11/17.12.18) മറുപടി ലഭ്യമാക്കിയില്ല.

അപേക്ഷകളിൽ അന്വേഷണം നടത്തി പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവും കാലതാമസത്തിന് കാരണമാകുന്നുണ്ട് എന്നത് അംഗീകരിക്കുന്നു. എങ്കിൽ തന്നെയും ഒരുമാസത്തിലേറെ കാലതാമസം ഉണ്ടാകുന്നത് ചട്ട വിരുദ്ധമാണ്. അപാകത ഒഴിവാക്കി കൃത്യമായ സമയക്രമം പാലിച്ച് ഉപഭോക്താക്കൾക്ക് സേവനം നൽകേണ്ടതാണ്.

ഏതാനും അപേക്ഷകൾ പരിശോധിച്ചതിലെ വിശദാംശം ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | അപേക്ഷ നല്കിയത് | പെർമിറ്റ് നല്കിയത് | പെർമിറ്റ് നല്കാൻ എടുത്ത സമയം |
|---|---|---|---|
| ദീപു.എസ്. പുത്തൻപറമ്പിൽ | 11.05.17 | 19.07.17 | 69 ദിവസം |
| തമ്പാൻ, ശ്രീവത്സം | 22.05.17 | 18.07.17 | 58 ദിവസം |
| മനോജ്പീറ്റർ ബംഗ്ലാവിൽ ഹൗസ് | 19.03.18 | 19.05.18 | 60 ദിവസം |
| യൂസഫ് കുട്ടികുളഞ്ഞിയിൽ വീട് | 26.03.18 | 17.05.18 | 52 ദിവസം |

## 2-9 സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല

ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് ഹരിപ്പാട് ശാഖയിലുള്ള ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് സേവിംഗ്സ് അക്കൗണ്ടിന് (നമ്പർ- 207) പലിശ ലഭിക്കുന്നില്ല. മുൻകാലത്തെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ 24.11.15 തീയതിയിൽ 191991/- രൂപ പലിശ ഇനത്തിൽ (കുടിശ്ശിക സഹിതം) ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് നാളിതുവരെ പലിശ ലഭിച്ചിട്ടില്ല. പലിശ കുടിശ്ശിക സഹിതം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-10 പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നു

ഗ്രാമപഞ്ചായത്തിന്റെ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ വളരെക്കാലമായി യാതൊരു വിധ പണമിടപാടുകളും നടത്താതെ നിർജ്ജീവമായി കിടക്കുന്നു. അക്കൗണ്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | 31.3.18ലെ നീക്കിയിരുപ്പ് |
|---|---|---|---|
| 1 | മഹാദേവികാട് എസ്.സി.ബി (ഇംപ്രസ്റ്റ്) | 2083 | 3808 |
| 2 | മഹാദേവികാട് എസ്.സി.ബി (സാക്ഷരത ) | 2252 | 53215 |
| 3 | യൂണിയൻ ബാങ്ക് | 617702010010474 | 1142 |
| 4 | ട്രഷറി ടി.പി.എ | 55 | 507 |

നിഷ്ക്രിയമായി തുടരുന്ന ടി അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററും, റോഡ് രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നതിലും ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാലും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാലും ഓരോ വർഷവും ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന റോഡുവർക്കുകളുടെ കൃത്യമായ വിവരം ബന്ധപ്പെട്ട സ്ഥാപനത്തിൽ ലഭ്യമല്ലാത്ത അവസ്ഥ സംജാതമാകുന്നു. കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ റോഡുകൾ, ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ എന്നിവ വ്യക്തമായി തിരിച്ചറിയാൻ കഴിയാതെയും വരുന്നു. ഇത് ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾക്ക് കാരണമാകുന്നു. ഇതോടൊപ്പം ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന

വർക്കുകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതെ/അപ്ഡേറ്റ് ചെയ്യപ്പെടാതെയും പോകുന്നു. ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണ/പരിപാലന പ്രവർത്തനങ്ങൾ പൂർണ്ണമായി ഏറ്റെടുക്കാതെ റോഡിന്റെ വിവിധ ഭാഗങ്ങൾ വ്യത്യസ്ത വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവണതയാണ് തുടർന്നു പോരുന്നത്. ഇപ്രകാരം നടപ്പാക്കുന്ന പ്രവർത്തികളിൽ ചെയിനേജുകൾ രേഖപ്പെടുത്താതെ പ്രവൃത്തി തുടങ്ങുന്നതും അവസാനിക്കുന്നതുമായ സ്ഥലങ്ങളെ അടിസ്ഥാനപ്പെടുത്തി റോഡിന് പേരു നൽകുകയും ചെലവു പത്രികയിൽ ഇതു പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്യുന്നത്. ഇത് മൂലം ഓരോ വർഷവും നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ കഴിയാതെ വരുന്നു.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളിലോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഇതുമായി ബന്ധപ്പെട്ട ആവശ്യമുന്നയിക്കുകയോ, ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല. റോഡ് നിർമ്മാണ/മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആയിരിക്കേണ്ടതാണ്. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതിരുന്നതു മൂലം കരാറുകാരന് അധിക തുക നൽകി.

2017-18 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളിൽ കരാറുകാർ ക്വാട്ട് ചെയ്തിരുന്ന ടെണ്ടർ വ്യതിയാനം ബില്ലിൽ കുറവു ചെയ്യാതിരുന്നതു മൂലം കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

(1) പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ (ഒന്നാം നില)

പദ്ധതിയ്ക്ക് വികസനഫണ്ട് 59300/-രൂപയും കേന്ദ്രാവിഷ്കൃതഫണ്ട് 240700 രൂപയും വകയിരുത്തിയിരുന്നു. 2,90,000/-രൂപയുടെ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിംഗിൽ നിന്നും അംഗീകരിച്ച് നല്കിയെങ്കിലും പ്രവൃത്തി ഏറ്റെടുത്തപ്പോഴുണ്ടായ സാഹചര്യത്തിൽ നിന്നും വ്യത്യസ്തമായി കുറവ് വന്നതിനാൽ 16.11.17 ലെ 1(2) കമ്മിറ്റി തീരുമാനം പ്രകാരം എസ്റ്റിമേറ്റ് 2,03,446/-രൂപയാക്കി റിവൈസ് ചെയ്തു. ശ്രീ.വേണുഗോപാൽ മാവേലിക്കരയുടെ 8% കുറവിൽ നല്കിയ ടെണ്ടർ അംഗീകരിച്ച് 28.10.17 ൽ കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. 18.01.18 ൽ അളവുകൾ മെഷർ ചെയ്ത് ഫൈനൽ ബില്ല് നല്കിയതിൽ 8% ടെണ്ടർ ഡിഡക്ഷൻ കുറയ്ക്കാതെയാണ് കരാറുകാരന് തുക നല്കിയത്. ആദായ നികുതി, വാറ്റ് എന്നിവ മാത്രമാണ് കുറവ് ചെയ്തത്. വിശദാംശം ചുവടെ ചേർക്കുന്നു.

Total work done -202907

8% tender deduction-16233

net amount - 186674

IT - 2029

VAT -8116 (4%)

To contractor -176529.

എന്നാൽ കരാറുകാരന് ചെക്ക് നം. 093043 dt.20.02.18 പ്രകാരം 192762/-രൂപയാണ് നല്കിയത് . 16233/- രൂപ അധികം നല്കി.

(2)അങ്കണവാടി വൈദ്യുതീകരണം (S0031/18)

അങ്കണവാടി നം. 41&48 ന് വൈദ്യുതീകരണം നടത്തുന്നതിന് പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിംഗിൽ നിന്നും

90000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് നല്കിയിട്ടുണ്ട്. ഉഷ ഹരികുമാറിന്റെ 4.1% below ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി നടപ്പാക്കിയെങ്കിലും ഫൈനൽ ബില്ലിൽ ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്തില്ല. ആയതിനാൽ 3063/- രൂപ കരാറുകാരന് അധികം നല്കി.

(total work done-74699/-)

നിയമാനുസൃത നികുതികൾ കുറവ് ചെയ്ത ശേഷം കരാറുകാരന് നല്കിയ തുക-73952/- ബിൽ നം.46/17-18 dt.28.03.18

രണ്ടു പ്രവൃത്തികളിലായി ആകെ 19296/- രൂപ കരാറുകാർക്ക് അധികം നല്കിയിട്ടുണ്ട്. കരാറുകാരിൽ നിന്നും തുക ഈടാക്കി അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി (നം.5/12.12.18) ക്ക് മറുപടി നൽകി. ടി തുക കരാറുകാരിൽ നിന്നും ഈടാക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യത ആകുന്നതാണ്.

## 3-3 നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാത്തതു മൂലം അധികച്ചെലവ്

2017-18 വർഷം എഗ്രിമെന്റ് വെച്ച് പഞ്ചായത്തിലെ വിവിധ പ്രവർത്തികൾ ഏറ്റെടുത്ത ചുവടെ ചേർക്കുന്ന കരാറുകാർ സമയബന്ധിതമായി പ്രവർത്തി പൂർത്തീകരിക്കാതിരുന്നിട്ടും അവരിൽനിന്നും നിയമാനുസൃതമായ പിഴ ഈടാക്കാതെ ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. 2012 ലെ പി.ഡബ്ല്യൂ.ഡി. മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാർ പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 1,00,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1% നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത കാലാവധിക്കുശേഷം പൂർത്തീകരിച്ച പല മരാമത്ത് പ്രവർത്തിയുടേയും കാര്യത്തിൽ പഞ്ചായത്തിൽ ഇപ്രകാരം സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കുകയോ ചെയ്തിട്ടില്ല. കൂടാതെ കരാറുകാരന്റേതല്ലാത്ത കാരണത്താൽ ഏതെങ്കിലും പ്രവർത്തി തടസ്സപ്പെട്ടതായോ അതിന്റെ പേരിൽ കരാറുകാരൻ ഗ്രേസ് പീരിയഡിന് അപേക്ഷിച്ചതായോ ആയത് അനുവദിച്ചതായോ രേഖയില്ല. ഇപ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽനിന്നും നിയമാനുസൃത പിഴ ഈടാക്കാതെ ഫൈനൽ ബിൽ തുക നൽകിയതുവഴി ഉണ്ടായ അധിക ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം, കരാറുകാരൻ, കരാർ തീയതി, പി.എ.സി. | കരാർ കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| 1 | തൊട്ടുകടവ് നടശ്ശേരിൽ റോഡ് ടാറിംഗ് (74/17) എസ്. മണിലാൽ<br>കരാർ തീയതി -25.1.17 | 3 മാസം<br>(24.04.2017) | 29.06.2017 | 8784/-<br>(3% നിരക്കിൽ) |

| | | | | |
|---|---|---|---|---|
| | (292809/- രൂപ)<br>ബിൽ: 33/16.1.18 – 285119/- രൂപ | | | |
| 2 | ഇല്ലത്ത് വീട് വല്ല്യത്ത് റോഡ് ടാറിംഗ് (52/17)<br>ആർ.സുധീർ<br>കരാർ തീയതി- 15.03.17<br>(562069/- രൂപ)<br>ബിൽ: 31/16.1.18 – 546132/- രൂപ | 3 മാസം<br>(14.06.17) | 28.06.17 | 5621<br>(1% നിരക്കിൽ) |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/18.12.18) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി ഇനത്തിൽ നഷ്ടം വന്ന 14405/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-4 ബിറ്റുമിൻ ഉപയോഗത്തിനനുസൃതമായി ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്യാതിരുന്നത് - സംബന്ധിച്ച്

2017-18 വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. അതു പ്രകാരം ഒഴിഞ്ഞ ബാരലിന്റെ വിലയായി 250/-രൂപ വീതം ബില്ലിൽ കുറവു ചെയ്തിട്ടുണ്ട്. എന്നാൽ ചില പ്രവൃത്തികളിൽ ഉപയോഗിച്ച ബാരലിന്റെ എണ്ണം കണക്കാക്കിയതിലുണ്ടായ കുറവ് മൂലം തുക ഈടാക്കിയതിലും കുറവുണ്ടായിട്ടുണ്ട്.

പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദ വിവരം | നൽകിയ ബാരലിന്റെ എണ്ണം | കുറവ് ചെയ്യേണ്ട തുക | ബില്ലിൽ കുറവ് ചെയ്ത തുക | നഷ്ടം |
|---|---|---|---|---|---|
| 1 | കല്ലുപുരയ്ക്കൽ മാങ്കിയിൽ റോഡ് ടാറിംഗ് (108/18)<br>മണിലാൽ.എസ്<br>ബിൽ നം. 54/28.03.18-686400/- | 24 | 6000 | 4250 | 1750 |
| 2 | പണ്ടാരച്ചിറ – വാടച്ചിറ റോഡ് മെറ്റലിംഗ് ടാറിംഗ് (105/18)<br>മണിലാൽ.എസ്<br>ബിൽ നം. 41/28.03.18- 419660/- | 14 | 3500 | 2500 | 1000 |
| 3 | പുളിക്കീഴ ത്രാചേരി റോഡ് മെറ്റലിംഗ് ടാറിംഗ് (113/18)<br>ഷൈൻ.പി<br>ബിൽ നം. 45/28.03.18- 809665/- | 29 | 7250 | 5500 | 1750 |
| 4 | മാധവൻചിറ റോഡ് മെറ്റലിംഗ് ടാറിംഗ് (67/17)<br>കെ.പ്രമോദ് | 10 | 2500 | -- | 2500 |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം. 13/17.07.17- 256121/- | | | | |
| 5 | വലിയകാട്ടിൽ വളവുങ്കൽ റോഡ് മെറ്റലിംഗ് ടാറിംഗ് (63/17)<br>പ്രമോദ്.കെ<br>ബിൽ നം. 15/17.07.17- 304872/- | 12 | 3000 | -- | 3000 |
| 6 | മനാമ്പുറം കടയ്ക്കൽ റോഡ് മെറ്റലിംഗ് ടാറിംഗ് (58/18)<br>കെ.സുരേഷ് കുമാർ<br>ബിൽ നം. 48/28.03.18- 294242/- | 12 | 3000 | 2500 | 500 |
| | ആകെ | | | | 10500 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/17.12.18) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി ഇനത്തിൽ നഷ്ടം വന്ന 10500/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-5 ബിൽ തയ്യാറാക്കിയതിലെ അപാകതകൾ മൂലം കരാറുകാരന് അധിക തുക നൽകി

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ ഫൈനൽ ബിൽ തയ്യാറാക്കി നൽകിയതിലെ അപാകത മൂലം കരാറുകാർക്ക് അധിക തുക നൽകിയിട്ടുള്ളതായി കാണുന്നു. ബില്ലിൽ നിന്നും കുറവ് വരുത്തിയിട്ടുള്ള നികുതികളിലും, ഫൈൻ ഈടാക്കിയതിലുണ്ടായ വ്യത്യാസം മൂലവുമാണ് ഇത്തരത്തിൽ അധിക തുക ചെലവഴിക്കേണ്ടി വന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

(1) പൂച്ചവാതുക്കൽ അമ്മഞ്ചേരി റോഡ് മെറ്റലിംഗ് & ടാറിംഗ്

പ്രോജക്ട് നം. - 72/17

കരാറുകാരൻ - പി.ശ്രീവല്ലഭൻ (7.71% കുറവ്)

എഗ്രീഡ് പി.എ.സി - 438294/-

പ്രവൃത്തി മൂല്യം - 455924/-

- 420772/- (ടെണ്ടർ കുറവിനു ശേഷം)

കരാർ തീയതി - 31.01.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 30.04.17 (3 മാസം)

പൂർത്തീകരിച്ച തീയതി - 27.06.17

ബിൽ നം. 28/17-18/06.01.18 – 75807/-

29/17-18/06.01.18 – 332800/-

| ഇന വിവരം | അനുവദനീയമായ തുക | നൽകിയ തുക |
|---|---|---|
| പ്രവൃത്തി മൂല്യം | 420772 | 420772 |
| (-) വാറ്റ് - 4% | 16831 | 16524 |

| | | |
|---|---|---|
| നിർ.തൊഴിലാളി.ക്ഷേമ. വിഹിതം | 4208 | 4086 |
| ആദായ നികുതി | 4208 | 4086 |
| ബാരൽ വില കുറവ് | 3750 | 3750 |
| പൂർത്തീകരണ താമസം ഫൈൻ (3% നിരക്കിൽ ) | 13149 | 8415 |
| കരാറുകാരന് | 378626 | 383911 |
| അധികം നൽകിയത് | | 5285 |

(2) കാളശ്ശേരി റോഡിനു കിഴക്കോട്ടുള്ള റോഡ് - പാർശ്വഭിത്തി നിർമ്മാണം

പ്രോജക്ട് നം. - 121/17

കരാറുകാരൻ - പൊന്നപ്പൻ ( എസ്റ്റിമേറ്റ് നിരക്ക്)

പ്രവൃത്തി മൂല്യം - 431881-

ബിൽ നം. 10/17-18/17.07.17 – 7881/-

11/17-18/17.07.17 – 424000/-

| ഇന വിവരം | അനുവദനീയമായ തുക | നൽകിയ തുക |
|---|---|---|
| പ്രവൃത്തി മൂല്യം | 431881 | 431881 |
| (-) വാറ്റ് - 4% | 17275 | 16960 |
| നിർ.തൊഴിലാളി.ക്ഷേമ. വിഹിതം | 4319 | 4240 |
| ആദായ നികുതി | 4319 | 4240 |
| കരാറുകാരന് | 405968 | 406441 |
| അധികം നൽകിയത് | | 473 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി ഇനത്തിൽ നഷ്ടം വന്ന 5758/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-6 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീയതി.01.02.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും ടിയാനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

(1)പ്രവൃത്തിയുടെ പേര് - പുളിക്കീഴ വലിയ പറമ്പ് റോഡ് കാളശ്ശേരി ജംഗ്ഷൻ മുതൽ കിഴക്കോട്ട് ടാറിംഗ്

പ്രോജക്ട് നം. - 32/18

കരാറുകാരൻ - കെ.പ്രമോദ്

പി.എ.സി - 273093/-

ബിൽ നം. - 51/17-18/28.03.18

കരാറുകാരന് നൽകിയ സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ ഇല്ലാതെ കരാർ ചമയ്ക്കേണ്ട അവസാന തീയതി - 10.01.2018

കരാർ ചമച്ച തീയതി 20.01.18. നിയമ പ്രകാരമുള്ള സമയ പരിധിയിൽ കരാർ ചമച്ചിട്ടില്ലാത്തതിനാൽ ടിയാനിൽ നിന്നും പിഴയായി 2731/- രൂപ (പിഴ - 1% = 273093/- X 1% = 2731/- രൂപ) ഈടാക്കേണ്ടതാണ്.

(2)പ്രവൃത്തിയുടെ പേര് - മനാമ്പുറം കടയ്ക്കൽ റോഡ് ടാറിംഗ്

പ്രോജക്ട് നം. - 58/18

കരാറുകാരൻ - കെ.സുരേഷ് കുമാർ

പി.എ.സി - 294242/-

ബിൽ നം. 48/17-18/28.03.18

കരാറുകാരന് നൽകിയ സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ ഇല്ലാതെ കരാർ ചമയ്ക്കേണ്ട അവസാന തീയതി - 15.02.2018

കരാർ ചമച്ച തീയതി 02.03.18. നിയമ പ്രകാരമുള്ള സമയ പരിധിയിൽ കരാർ ചമച്ചിട്ടില്ലാത്തതിനാൽ ടിയാനിൽ നിന്നും പിഴയായി 2942/- രൂപ (പിഴ - 1% = 294242/- x 1% = 2942/- രൂപ) ഈടാക്കേണ്ടതാണ്.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/17.12.18) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി ഇനത്തിൽ നഷ്ടം വന്ന 5673/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-7 ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്തില്ല – കരാറുകാരന് അധിക തുക നൽകി

പ്രോജക്ട് നം. - 120/18

കരാറുകാരൻ - സുധീർ.ആർ ( 1% കുറവ്)

പ്രവൃത്തി മൂല്യം - 115619/-

ബിൽ നം. 32/17-18/16.01.18

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ ഇല്ലത്ത് വീട് വല്യത്ത് റോഡ് രണ്ടാം ഭാഗം ടാറിംഗ് എന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി കരാറുകാരനായ ശ്രീ. ആർ.സുധീർ സമർപ്പിച്ച എസ്റ്റിമേറ്റ് തുകയുടെ 1% കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ ടെണ്ടർ കുറവ് വരുത്താതെ പ്രവൃത്തിയുടെ ആകെ മൂല്യമായ തുകയാണ് ട്രഷറിയിൽ നിന്നും മാറിയിട്ടുള്ളത്. ഇതു മൂലം 1156/- രൂപ അധിക ചെലവ് വന്നിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.20/18.12.18).

## 3-8 അസിസ്റ്റന്റ് എഞ്ചിനീയർ ചെലവ് രേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 വർഷത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ/ഫയൽ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് വിവരം | ചെലവ് തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി (93/18) | 100000 | 27/23.08.17 |
| | | 95000 | 34/23.01.18 |
| 2 | ഹരിത കേരളം മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം (135/18) | 643260 | കേന്ദ്രാവിഷ്കൃത വിഹിതം |
| | ആകെ | 838260 | |

പ്രസ്തുത പദ്ധതികളുടെ പൂർണ്ണമായ ചെലവ് രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.21/18.12.18) നൽകിയെങ്കിലും ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(2)പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

(3) ടെണ്ടർ രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല (കരാറുകാരന്റെ പേരും, തുകയും മാത്രമാണ് രേഖപ്പെടുത്തുന്നത്.)

(4)കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. (ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഭൂരിഭാഗം പകർപ്പുകളിലും തീയതിയുൾപ്പെടെയുള്ള വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല). തന്മൂലം കരാർ ചമയ്ക്കുന്നതിലെ സമയ ക്ലിപ്തത പരിശോധിക്കുവാൻ സാധ്യമല്ലാതാകുന്നു.

(5) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(6)ഭൂരിഭാഗം പ്രവൃത്തികളിലും പൂർത്തീകരണവുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ഹാജരാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-10 പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസിസ്റ്റന്റ് എഞ്ചിനീയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്ക് തന്നെ തിരിച്ചടയ്ക്കേണ്ടതാണ്. ആയതിനാൽ ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-11 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ- ക്വാട്ട് ചെയ്ത തുകയെക്കാൾ അധികം നൽകി

(i) പ്രോജക്ട് നം.S012/18

നിർവ്വഹണം- എച്ച്.എം.ഗവ.യു.പി.എസ്.

അടങ്കൽ 65,000/-(വികസനഫണ്ട്-എസ്.സി.പി.)

ചെലവ് 39,490/- -ബിൽ നം. 05/17-18 തീയതി 15.03.18

പത്താം ക്ലാസിൽ പഠിയ്ക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ എന്ന പ്രോജക്ടിൽ ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത മുരളിസൈക്കിൾ മാർട്ട് എന്ന സ്ഥാപനത്തിൽ നിന്ന് ആൺകുട്ടികൾക്ക് 6 സൈക്കിളും പെൺകുട്ടികൾക്ക് 4 സൈക്കിളും വാങ്ങിയിട്ടുണ്ട്. ക്വട്ടേഷൻ പ്രകാരം പെൺകുട്ടി കൾക്ക് വാങ്ങിയ Hero Miss India-Velvet സൈക്കിളിന് (GST ഉൾപ്പടെ) 3849/- രൂപയാണ്. എന്നാൽ ഒരു സൈക്കിളിന് 4099/- പ്രകാരം 4 സൈക്കിളുകൾക്ക് 16,396/- രൂപയാണ് സ്ഥാപനത്തിന് നൽകിയത്. ഒരു സൈക്കിളിന് 250/- രൂപ വീതം അധികം നൽകിയിട്ടുണ്ട്. ക്വാട്ട് ചെയ്ത തുകയേക്കാൾ അധികമായി തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/17.12.18) 'അധികം നൽകിയ തുക സ്ഥാപനത്തിൽ നിന്ന് ഈടാക്കുന്നതാണെന്ന് മറുപടി നൽകി. 4 സൈക്കിളിന് കൂടുതലായി നൽകിയ തുക1,000/- (250x4) തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

(ii)ഗുണഭോക്താക്കളുടെ അർഹതാരേഖകൾ ഹാജരാക്കിയിട്ടില്ല

സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം(സ.ഉ.(എം.എസ്)നം. 80/2017 ത.സ്വ.ഭ.വ തീയതി03.04.2017) പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുമ്പോൾ ഇതേ ആനുകൂല്യം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതുണ്ട്. എന്നാൽ എച്ച്.എം.ഗവ.യു.പി.എസ്. നടപ്പാക്കിയ പ്രോജക്ടുകളിൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

(എ) പത്താം ക്ലാസിൽ പഠിയ്ക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ

പ്രോജക്ട് നം.S012/18

അടങ്കൽ 65,000/-(വികസനഫണ്ട്-എസ്.സി.പി.)

ചെലവ് 39,490/- -ബിൽ നം. 05/17-18 തീയതി 15.03.18

ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്താവ് | റിമാർക്സ് |
|---|---|---|
| 1 | നവ്യ D/o ഷിബു | വിദ്യാർത്ഥികൾക്ക് ഈയിനത്തിന് പട്ടികജാതി വികസന വകുപ്പിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 2 | കീർത്തി കാർത്തികേയൻ D/o കാർത്തികേയൻ | |
| 3 | അഞ്ജന എസ്.കുമാർ D/oരതീഷ് കുമാർ | |
| 4 | ഉണ്ണിക്കുട്ടൻ.യു S/o ഉത്തമൻ | |
| 5 | രാഹുൽ രാജേഷ് S/o സന്ധ്യ.സി | |
| 6 | അഭിരാം.ആർ S/Oരാമചന്ദ്രൻ | |
| 7 | അജയ്.എ S/o അജയകുമാർ | |
| 8 | വിഷ്ണു.വി S/oവിനോദ് | |
| 9 | അർച്ചന.വി.ആർ D/o രജനി | |
| 10 | രഞ്ജിത്ത്.ആർ. S/o പൊന്നമ്മ | |

അർഹതാരേഖകളുടെ അഭാവത്തിൽ മേൽസൂചിപ്പിച്ച 10 വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങിയതിന്റെ 38,490/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ എന്ന പ്രോജക്ടിൽ 5 ലാപ്ടോപ്പ് വാങ്ങിവിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്.

ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | റിമാർക്സ് |
|---|---|---|
| 1 | ശ്രുതി.വി.ശ്രീധർ D/o വസന്തകുമാരി | വിദ്യാർത്ഥികൾക്ക് ഈയിനത്തിന് പട്ടികജാതി വികസന വകുപ്പിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 2 | ഗീതു രാധാകൃഷ്ണൻ D/o ഷീബ.എസ് | |
| 3 | രാകേഷ്.ബി.രമണി | |
| 4 | നിമ്മി.എസ് D/o പുരുഷൻ.കെ | |
| 5 | ശരത്.കെ.ശശി S/o ഷീല | |

അർഹതാരേഖകളുടെ അഭാവത്തിൽ മേൽസൂചിപ്പിച്ച വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങിയതിന്റെ 1,49,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ-പദ്ധതി നടപ്പായിട്ടില്ല--ചെലവ് തുക തടസ്സപ്പെടുത്തുന്നു

മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ--വിഹിതം നല്കൽ (S0125/18) എന്ന പദ്ധതിയിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നല്കിയിട്ടുണ്ട്. പഞ്ചായത്തിലെ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം നടത്തൽ എന്നതാണ് പദ്ധതിലക്ഷ്യം. പദ്ധതിക്കായി 5,00,000/-രൂപ ബിൽ നം. 18/17-18 dt.03.10.17 പ്രകാരം ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന് നല്കിയിട്ടുണ്ട്. സംയുക്ത പ്രോജക്ടായി പദ്ധതി നടപ്പാക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ ഒന്നും പാലിച്ചിട്ടില്ല. ജി.ഒ.(എം.എസ്)72/17 ത.സ്വ.ഭ.വ. തീ.29.3.17ലെ ഖണ്ഡിക 6.5(2) ൽ അനുശാസിക്കും വിധം സംയുക്ത പ്രോജക്ടിൽ പങ്കാളികളാവുന്ന തദ്ദേശസ്ഥാപനങ്ങൾ തമ്മിൽ ബ്ലോക്ക് പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്തുമായും കരാർ വച്ചിട്ടില്ല. 5,00,000/-രൂപ നല്കിയത് എന്ത് അടിസ്ഥാനത്തിൽ ആണെന്നോ എപ്രകാരമാണെന്നോ വ്യക്തമല്ല. വ്യക്തമായ ഒരു പഠനം നടത്താതെ ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണം ചെയ്ത പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നല്കുകയായിരുന്നു.

ഹരിപ്പാട് ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ, പദ്ധതി നടപ്പാക്കാതെ വിവിധ ഗ്രാമപഞ്ചായത്തുകളുടെ വിഹിതം ചെലവഴിക്കാതെ നിക്ഷേപമായി തുടരുന്നത് സംബന്ധിച്ച് വിശദമായി പരാമർശിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കി വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ, പാലിയേറ്റിവ് കെയർ എന്നീ പ്രോജക്ടുകളിൽ മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ബിൽ നം./ തുക, തീയതി | ലഭിച്ച മരുന്നുകളുടെ ഇൻവോയിസ് നം./തീയതി, തുക | മരുന്ന് ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|
| S25/18 പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ | 7/17-18,Rs.75,000/- 28.03.18 | 6041/04.08.18 27,879/- 6042/04.08.18 9,132/- 11261/27.10.18 5,274/- | 32,715/- |
| S123/18 പാലിയേറ്റീവ് കെയർ | ചെക്ക് നം. 1043289/24.03.18 1,87,189/- | ഇല്ല | 1,87,189/- |
| | 5/17-18/24.03.18 89,903/- | ഇല്ല | 89,903/- |
| | 6/17-18/28.03.18 12,811/- | ഇല്ല | 12,811/- |
| ആകെ | | | 3,22,618/- |

മരുന്നുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക 3,22,618/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-14 കന്നുകുട്ടി പരിപാലനം--പദ്ധതി മോണിറ്ററിംഗ് അനിവാര്യം

കന്നുകുട്ടി പരിപാലനം (S0054/18) പദ്ധതിയിൽ 25

ഗുണഭോക്താക്കൾക്കായി 6250/- രൂപ പ്രകാരം

വികസനഫണ്ട് ആകെ 156250/- രൂപ കാഫ്ഫീഡ് അസിസ്റ്റന്റ് ഡയറക്ടർക്ക് അനുവദിച്ചിട്ടുണ്ട്. 2/18 ൽ വലിയകുളങ്ങര ക്ഷീരസംഘം മുഖേന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം പൂർത്തിയാകുന്നതു വരെ മോണിറ്ററിംഗ് നടത്തേണ്ടതും വിനിയോഗ വിവരം ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നതു വരെ ടി ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

ചെലവ് വിവരം

1,56,250/- ബിൽ നം.1/17-18 dt.14.12.17

## 3-15 പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്ക് ലാപ്ടോപ്പ്-ക്വട്ടേഷനിൽ വ്യവസ്ഥ ചെയ്തിരുന്ന വാറണ്ടി ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം.S0128/18

നിർവ്വഹണം- എച്ച്.എം, ഗവ.യു.പി.എസ്.

അടങ്കൽ 1,50,000/-(വികസനഫണ്ട്-എസ്.സി.പി.)

ചെലവ് 1,49,000/- -ബിൽ നം. 06/17-18 തീയതി 28.03.18

പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ എന്ന പ്രോജക്ടിൽ Smart IT World എന്ന സ്ഥാപനത്തിൽ നിന്നും 5ലാപ്ടോപ്പ് വാങ്ങി വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. അവയുടെ സീരിയൽ നമ്പർ ചുവടെ ചേർക്കുന്നു.

1. NXGFTSIO2280605C543400

2.NXGFTSIO2280606A7B3400

3.NXGFTSIO22806063033400

4.NXGFTSIO22741103123400

5.NXGFTSIO2280605CA3400

മേല്പറഞ്ഞ ലാപ്ടോപ്പുകളുടെ ഓൺ ലൈൻ വാറണ്ടി പരിശോധിച്ചതിൽ ക്രമനമ്പർ മൂന്നിനും നാലിനും 3വർഷത്തെ വാറണ്ടിയും മറ്റെല്ലാ ലാപ്ടോപ്പുകൾക്കും ഒരു വർഷത്തെ വാറണ്ടിയും മാത്രമാണ് ഉള്ളത്. എന്നാൽ സ്ഥാപനം സമർപ്പിച്ച ക്വട്ടേഷനിൽ 5 വർഷ വാറണ്ടിയാണ് വ്യവസ്ഥ ചെയ്തിരുന്നത്. സ്ഥാപനവുമായി ബന്ധപ്പെട്ട് ലാപ്ടോപ്പുകളുടെ വാറണ്ടി കാലയളവ് ക്വട്ടേഷൻ വ്യവസ്ഥ പ്രകാരം 5 വർഷമായി ഉയർത്താൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-16 കാർഷികമേഖല— നെൽക്കൃഷി നടപ്പാക്കുന്നില്ല- മാറ്റങ്ങൾ അനിവാര്യം

പഞ്ചായത്തിൽ ആകെ 675Haകൃഷിഭൂമിയുള്ളതിൽ 405Ha മാത്രമാണ് കൃഷി ചെയ്യുന്നത്. 50Haതരിശു ഭൂമിയുള്ളതിൽ 10 Ha കൃഷി യോഗ്യമായ ഭൂമിയുണ്ട് എങ്കിലും അവ ഉപയോഗപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ 10 Ha കൃഷിയോഗ്യമായ നെൽവയലുകൾ ഉണ്ടെങ്കിലും നെൽക്കൃഷി നടപ്പിലാക്കിയിട്ടേയില്ല. നെൽക്കൃഷി നടപ്പാക്കുന്നതിൽ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മൂലം പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് കൃഷിഓഫീസർ അറിയിച്ചു. കൃഷിക്ക് ആശ്രയിക്കുന്ന ജലസ്രോതസ്സിലേക്ക് ഉപ്പുവെള്ളം കയറുന്നതും ജലനിർഗ്ഗമന മാർഗ്ഗങ്ങൾ അടഞ്ഞു പോയതും വിദഗ്ധരായ തൊഴിലാളികളുടെ അഭാവവും നെൽക്കൃഷി ചെയ്യുന്നതിന് കർഷകരെ വിമുഖരാക്കുന്നു. എങ്കിൽ തന്നെയും 2018-19 ൽ 35 വർഷത്തോളം തരിശ് കിടന്ന പാപ്പാടി ചാൽ പാടത്തിന്റെ 5 ഏക്കർ സ്ഥലത്ത് നെൽക്കൃഷി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കാൻ പദ്ധതി തയ്യാറാക്കി പ്രവൃത്തികൾ നടപ്പാക്കി വരുന്നതായി കൃഷി ഓഫീസർ അറിയിച്ചു. ഇത് അഭിനന്ദനീയമാണ്. പ്രാരംഭഘട്ടത്തിൽ മുതൽമുടക്ക് അല്പം കൂടുതൽ വന്നാലും താല്പര്യമുള്ള കർഷകരെ കണ്ടെത്തി പാടശേഖര സമിതിയും വകുപ്തല സഹായവും സംയോജിപ്പിച്ച് കാർഷികമേഖലയിൽ വിപ്ലവം സൃഷ്ടിക്കാൻ തദ്ദേശസ്ഥാപനത്തിന് ഒരു ശ്രമം നടത്താവുന്നതാണ്.

കൃഷി ഭവൻ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പാക്കിയാൽ കർഷകർക്ക് വ്യക്തിഗതമായി കൂലിച്ചെലവ് കുറയ്ക്കാനും പച്ചക്കറിക്കൃഷി, ഇടവിളക്കൃഷി എന്നിവ വിപുലമായി നടപ്പാക്കാനും സാധിക്കും. എന്നാൽ കൃഷി ഭവൻ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതികളുമായി സംയോജിപ്പിച്ച് മുൻ വർഷങ്ങളിൽ നടപ്പാക്കിയിട്ടില്ല എന്നാണ് കൃഷിഓഫീസർ അറിയിച്ചത്. പ്രകൃതി ക്ഷോഭങ്ങൾ കാർഷിക മേഖലയെ കീഴ്പ്പെടുത്തുന്നുണ്ടെങ്കിലും വരൾച്ച, വെള്ളപ്പൊക്കം എന്നിവയെ ഒരുപരിധി വരെ ചെറുത്തുനില്ക്കാൻ ഇടത്തോടുകളിലെ ജലനിർഗ്ഗമനം സുഗമമാക്കൽ, വാച്ചാലുകളുടെ പുനരുദ്ധാരണം, തുടങ്ങിയ പ്രവൃത്തികൾ തൊഴിലുറപ്പ് പ്രവൃത്തിയിൽ ഏറ്റെടുത്ത് നടപ്പാക്കുക വഴി സാധ്യമാണ്. ഓരുവെള്ളം കയറൽ ഭീഷണിക്ക് ബണ്ട് നിർമ്മാണം നടത്താവുന്നതാണ്. എല്ലാത്തരം കാർഷികോത്പന്നങ്ങളും ഉല്പാദിപ്പിച്ച് കാർഷികരംഗത്ത് സ്വയംപര്യാപ്തമാകാനുള്ള ശ്രമം നടത്തേണ്ടതുമാണ്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 അഗതി ആശ്രയ –2011 ൽ ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം സി.ഡി.എസ് അക്കൗണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്നു

അഗതി ആശ്രയ ഗുണഭോക്തൃ ലിസ്റ്റിൽ നിലവിൽ 106 അംഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇവരിൽ സ്ഥലം, വീട് മറ്റ് അടിസ്ഥാന ആവശ്യങ്ങൾ എന്നിവ ഇനിയും ആവശ്യമുള്ള7 പേരുണ്ട്. ഇവരിൽ ഒരാളായ ശ്രീമതി.തങ്കമ്മ എന്ന ഗുണഭോക്താവിന് ഭവന നിർമ്മാണത്തിനായി 14.07.11 - ൽ ജില്ലാപഞ്ചായത്തിൽ നിന്നും അനുവദിച്ച 1,32,600/- രൂപ ടിയാൾ കാർത്തികപ്പള്ളി പഞ്ചായത്തിൽ നിന്നും വേറെ സ്ഥലത്തേക്ക് പോയതിനാൽ ചെലവഴിക്കാൻ സാധിച്ചില്ല. ടി തുക സി.ഡി.എസ് ഫണ്ടിൽ നിക്ഷേപമായി തുടരുകയാണ്. ടി ഫണ്ട് ജില്ലാപഞ്ചായത്തിൽ തിരിച്ചടയ്ക്കുകയോ ഉചിത തീരുമാനത്തിലൂടെ നിയമാനുസൃതം മറ്റൊരു ഗുണഭോക്താവിന് നല്കാൻ കഴിയുന്ന പക്ഷം അപ്രകാരമോ ചെയ്യേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-18 വി.ഇ.ഒ നടപ്പാക്കിയ പദ്ധതികൾ - അവലോകനം

(i)ലൈഫ് പദ്ധതി-- ഫണ്ട് അപര്യാപ്തം

ലൈഫ് പദ്ധതിയിൽ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിൽ ആകെ 164 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുള്ളതിൽ 140 പേർക്കാണ് അർഹതയുള്ളത് എന്ന് വി.ഇ.ഒ സാക്ഷ്യപ്പെടുത്തി യിട്ടുണ്ട്. 2017-18 ൽ എഗ്രിമെന്റ് വച്ച 2 ഗുണഭോക്താക്കളിൽ ഒരാൾ ഭവനനിർമ്മാണം പൂർത്തിയാക്കുകയും രണ്ടാമത്തെ ഗുണഭോക്താവ് മേൽക്കൂര വരെ നിർമ്മാണം പൂർത്തിയാക്കിയിട്ടുമുണ്ട്. 2018-19 ൽ എഗ്രിമെന്റ് വച്ച 110 ഗുണഭോക്താക്കൾക്ക് ആദ്യഗഡു നല്കി ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി തുക നല്കാൻ ഫണ്ട് ലഭ്യമാകാത്തതിനാൽ സാധിക്കാത്ത സാഹചര്യമാണ് ഉള്ളത്. സർക്കാർ സഹായം ലഭിക്കുന്ന മുറയ്ക്ക് ഇവർക്ക് ബാക്കി തുകയുടെ ആനുകൂല്യം നല്കി ഭവന നിർമ്മാണം പൂർത്തിയാക്കി പദ്ധതി വിജയകരമാക്കേണ്ടതാണ്.

(ii) സ്വയംതൊഴിൽ സംരംഭങ്ങൾ - പദ്ധതി തയ്യാറാക്കിയില്ല

2017-18 ൽ വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിൽ 80% വും ഗാർഹിക കുടിവെള്ള കണക്ഷനും ഭവനപുനരുദ്ധാരണവും ആയിരുന്നു. സ്വയംതൊഴിൽ/ഗ്രൂപ്പ് സംരംഭങ്ങൾക്കായി ഒരു പദ്ധതി പോലും ആവിഷ്കരിച്ച് നടപ്പാക്കാഞ്ഞതും പദ്ധതി ആസൂത്രണത്തിന്റെ ഘട്ടങ്ങളിലോ വർക്കിംഗ് ഗ്രൂപ്പിലോ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനങ്ങളിലോ ഇപ്രകാരമുള്ള പദ്ധതികളുടെ ആവശ്യകത ഗൗരവമായി ചർച്ച ചെയ്യപ്പെട്ടിട്ടില്ല എന്നതും പരാമർശിച്ച് നല്കിയ എൻക്വയറിക്ക് രണ്ട് ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കായി പദ്ധതി ആവിഷ്കരിച്ചിരുന്നു എന്നും അർഹതാ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ നടപ്പാക്കിയില്ല എന്നും വി.ഇ.ഒ മറുപടി നല്കി. വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സ്വയംതൊഴിൽ സംരംഭങ്ങൾക്കായി പദ്ധതി തയ്യാറാക്കി നടപ്പാക്കാവുന്നതാണ്. ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-19 ക്ഷേമപെൻഷനുകൾ - അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ക്ഷേമപെൻഷനുകൾ സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിച്ചതിൽ വാർദ്ധ്യകകാല പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാല താമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടു. ചില ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നം. | പേര്/ മേൽവിലാസം | അപേക്ഷ ലഭിച്ച തീയതി | തീരുമാനം | തീർപ്പാക്കിയ തീയതി | തീർപ്പാക്കാൻ എടുത്ത കാലയളവ് |
|---|---|---|---|---|---|
| 1 | ശ്യാമകുമാരി,ചാപ്രയിൽ മഹാദേവികാട് | 11/12/17 | അനുവദിച്ചു | 09/08/18 | 7 മാസം 28 ദിവസം |
| 2 | നടരാജൻ.കെ, പുത്തൻപറമ്പിൻ മഹാദേവികാട് | 18/12/17 | അനുവദിച്ചു | 09/08/18 | 7 മാസം 22 ദിവസം |
| 3 | ഓമന.ബി പ്രകാശ് ഭവനം മഹാദേവികാട് | 19/12/17 | അനുവദിച്ചു | 09/08/18 | 7 മാസം 21 ദിവസം |
| 4 | ഗോപിനാഥൻ.എം ഗോകുലം മഹാദേവികാട് | 22/12/17 | അനുവദിച്ചു | 09/08/18 | 7മാസം 17 ദിവസം |
| 5 | രംല ബീവി പുത്തൻപുരയിൽ | 13/12/17 | അനുവദിച്ചു | 09/08/18 | 7 മാസം 27 ദിവസം |

നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം തീരുമാനം എടുക്കേണ്ടതാണ്. രജിസ്റ്റർ പരിശോധിച്ചതിൽ ലഭിക്കുന്ന അപേക്ഷകൾ അന്വേഷണത്തിന് നൽകുന്നതും തിരികെ നൽകുന്നതുമായ തീയതികൾ രേഖപ്പെടുത്താത്തതിനാൽ കാലതാമസം ഉണ്ടാകുന്നത് ഏത് ഘട്ടത്തിലാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ക്ഷേമപെൻഷനുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകൾ ലഭിച്ച തീയതി, അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയ തീയതി, അന്വേഷണറിപ്പോർട്ട് ഹാജരാക്കിയ തീയതി ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെയും, ഭരണസമിതിയുടെയും തീരുമാനം പെൻഷൻ ആനുകൂല്യം നൽകിയ തീയതി, എന്നിവയെല്ലാം രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 3-20 മുൻ വർഷങ്ങളിൽ നൽകിയ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല

2017-18 വാർഷിക ധനകാര്യപത്രികയിൽ ബാലൻസ് ഷീറ്റ് ബി-18 പ്രകാരം കുടുംബശ്രീയ്ക്ക് 1,25,000/- രൂപയും, ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സിന് 1,50,000/- രൂപയും, അഡ്വാൻസ് ടു അതേഴ്സ് എന്ന ഇനത്തിൽ 64,020/- രൂപയും മുൻ വർഷങ്ങളിൽ മുൻകൂറായി നൽകിയിട്ടുള്ളത് നാളിതുവരെ ക്രമീകരിക്കപ്പെടാതെ നിൽക്കുന്നു. ഈ തുക ക്രമീകരിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/18.12.18) മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ നൽകിയ തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | പാലിന് സബ്സിഡി | 100000 | - |
| | | 75000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75000 | - |
| | | 187189 | പാലിയേറ്റീവ് കെയർ | 187189 | - |

### 4-2. ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

### 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

-ഇല്ല--

### 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | 23.01.2010 G.O(Rt)960/10/LSGD dtd.20.03.10 | 97,36,330 | 27,21,805 | 9,89,700 | | 17,32,105 |

### 4-5. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6,906/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2016-17 | 3-5 | 4000 | പ്രമോദ്.കെ | 117090100995/20.10.17 |
| 2016-17 | 3-8 | 2906 | ഷാജി.കെ, കെ.എൻ.കെ എന്റർപ്രൈസസ് | 117090100999/20.10.17 |
| ആകെ | | 6906 | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-8. ചാർജ് / സർചാർജ് നടപടികളുടെ വിവരം

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44005312 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48285325 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 57788 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2004618 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2(1) | | 16233 | സിന്ദു ബാലകൃഷ്ണൻ, സെക്രട്ടറി |
| 3-2(2) | | 3063 | |
| 3-3 | | 14405 | രാജൻ.സി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 10500 | രാജൻ.സി, അസിസ്റ്റന്റ്എഞ്ചിനീയർ |
| 3-5(1) | | 5285 | രാജൻ.സി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5(2) | | 473 | ഷാജിലാൽ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 5673 | രാജൻ.സി, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-7 | | 1156 | രാജൻ.സി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | | 1000 | നസീന.എ,എച്ച്.എം.ഗവ.യു.പി.എസ് |
| ആകെ | | 57788 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 838260 | രാജൻ.സി, അസിസ്റ്റന്റ്എഞ്ചിനീയർ |
| 3-11(ii) | 38490<br>149000 | നസീന.എ,എച്ച്.എം,ഗവ.യു.പി.എസ് |
| 3-12 | 500000 | സിന്ദു ബാലകൃഷ്ണൻ, സെക്രട്ടറി |
| 3-13 | 322618 | ഡോ.ലാവണ്യ രോഹിത് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-14 | 156250 | ഡോ.വിനയകുമാർ, വെറ്ററിനറി സർജൻ |
| ആകെ | 2004618 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സിന്ദു ബാലകൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി, കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് | കൊച്ചാലുംമൂട്ടിൽ ഹൗസ്<br>ചിങ്ങോലി .പി.ഒ,ആലപ്പുഴ |
| ഡോ.വിനയകുമാർ,വെറ്ററിനറി സർജൻ | | ദ്വാരക,വലിയകുഴി,മുട്ടം.പി.ഒ. |
| നസീന.എ,<br>എച്ച്.എം.ഗവ.യു.പി.എസ് | എച്ച്.എം. ഗവ.യു.പി.എസ് | വലിയപറമ്പിൽ, ആറാട്ടുപുഴ.പി.ഒ. |
| ഷാജിലാൽ.കെ, അസിസ്റ്റന്റ്എഞ്ചിനീയർ | | കോടിയിൽ ഹൗസ്, വലിയവിള, മയ്യനാട്.പി.ഒ.കൊല്ലം |

| | | |
|---|---|---|
| രാജൻ.സി, അസിസ്റ്റന്റ് എഞ്ചിനീയർ | | ഷൈലജ ഭവൻ, ചുനക്കര.പി.ഒ. |
| ഡോ.ലാവണ്യ രോഹിത് | | ശ്രീപാർവ്വതി, കോമന, അമ്പലപ്പുഴ |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ജി.എ5/1832/2011/25.01.2012 |
| 2002-03 | എൽ.എഫ്.ജി.എ5/1832/2011/25.01.2012 |
| 2006-07 | എൽ.എഫ്.എ.പി.3/53/11/13.07.2012 |
| 2007-08 | എൽ.എഫ്.എ.പി.3/53(1)/11/18.04.2012 |
| 2008-09 | എൽ.എഫ്.എ.പി.3/1209/11/18.04.2012 |
| 2009-10 | എൽ.എഫ്.എ.പി.3/1210/11/18.04.2012 |
| 2010-11, 2011-12 | എൽ.എഫ്.എ.പി.3/9/13/15.02.2013 |
| 2012-13 | എൽ.എഫ്.എ.പി.3/1001/14/08.12.2014 |
| 2013-14 | കെ.എസ്.എ.എ.പി.ഇസഡ്-പി3/1035/15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.3/1417/15/23.11.15 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.3/1251/16/08.11.16 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.3/1036/17/04.08.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

# അനുബന്ധം.1

നം. കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(68)/2018 തീയതി.30.07.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്